# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 25-ാം തീയതി വ്യാഴാഴ്ച

(ആകെ ചോദ്യങ്ങൾ -26)

**(637) വാണിജ്യവിളകളുടെ വില തകർച്ച**
**(638) കൺസ്യൂമർ ഗ്രീവൻസസ് ആന്റ് റിഡ്രസൽ കമ്മീഷൻ**
**(639) ഇക്കോ ഡവലപ്മന്റ് കമ്മിറ്റി**
**(640) കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി**
**(641) കാർഷിക കടാശ്വാസ നിയമം**
**(642) കീടനാശിനികളുടെ ഉപയോഗം**
**(643) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ**
**(644) ദേവസ്വം ഭൂമിയിൽ നടക്കുന്ന അനധികൃത കൈമാറ്റം**
**(645) വനം-വന്യ ജീവി സംരക്ഷണ പദ്ധതികൾ**
**(646) സ്പോർട്ട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**
**(647) വാണിജ്യ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും**
**(648) കുരുമുളകിന്റെ ഇറക്കുമതി**
**(649) സംയോജിത രോഗ കീട നിന്ത്രണ പരിപാടി**
**(650) കൃഷിരീതികൾ മെച്ചപ്പെടുത്താൻ നടപടി**
**(651) വ്യാപാരികൾ ഉപഭോക്താക്കൾക്ക് ബില്ലു നൽകുന്നത് നിർബന്ധമാക്കാൻ നടപടി**
**(652) ലോക്കൽഫ് ആഡിറ്റ് സംബന്ധിച്ച് അക്കൗണ്ട് ജനറൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ**
**(653) കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളുടെ കുറവ്**
**(654) കൊപ്രായുടെ താങ്ങുവില**
**(655) കാർഷിക ടൂറിസം വികസനം**
**(656) വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ വിൽപ്പനനികുതി**
**(657) പരമ്പരാഗത കയർവ്യവസായ മേഖലയിലെ യന്ത്രവൽക്കരണം**
**(658) മൃഗചികിത്സാരംഗത്തെ പരിഷ്ക്കാരങ്ങൾ**
**(659) കുരുമുളകിന്റെ വില**
**(660) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ**
**(661) കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**
**(662) മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള പദ്ധതി**

### വാണിജ്യവിളകളുടെ വില തകർച്ച

637. ശ്രീ. ബി. വിജയകുമാർ :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ വാണിജ്യവിളകളുടെ വിലയെന്തായിരുന്നു; ഇപ്പോൾ അവയുടെ വില എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) രാജ്യാന്തരമാർക്കറ്റിൽ വാണിജ്യവിളകൾക്കുണ്ടാകുന്ന വില തകർച്ചമൂലം സംസ്ഥാനത്തുളവാകുന്ന വിലയിടിവിൽ നിന്ന് കർഷകർക്ക് ആശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കർഷകരുടെയും സഹകരണ വാണിജ്യ ബാങ്കുകളുടെയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെയും പങ്കാളിത്തത്തോടുകൂടി വില തകർച്ച നേരിടുന്ന കർഷകരെ സഹായിക്കാൻ ഒരു ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) വിവരങ്ങൾ താഴെകൊടുക്കുന്നു.

ശരാശരി വില

| വിളയുടെപേര് | മേയ് 2001 (രൂപ) | ജൂൺ 2002 (രൂപ) |
|---|---|---|

| | | | |
|---|---|---|---|
| 1. | റബ്ബർ ആർ എസ്. എസ്. | 4 (ക്വിന്റലിന്) 3286 | 3982 |
| 2. | ഏലം | (ക്വിന്റലിന്) 611 | 610 |
| 3. | കുരുമുളക് | (ക്വിന്റലിന്) 9455 | 7684 |
| 4. | ചുക്ക് | (ക്വിന്റലിന്) 3640 | 2625 |
| 5. | മഞ്ഞൾ | (ക്വിന്റലിന്) 2120 | 3940 |
| 6. | ഏലം | (ക്വിന്റലിന്) 611 | 764 |
| 7. | കാപ്പി | (ക്വിന്റലിന്) 24 | 22.75 |
| 8. | കൊപ്ര | (ക്വിന്റലിന്) 2047 | 2954 |
| 9. | ഗ്രാപൂ | (ക്വിന്റലിന്) 417.50 | 595 |

(ബി) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് ഒരുകാരണമായത്. 2000 ഏപ്രിൽ ഒന്നുമുതൽ നടപ്പിലാക്കിയ എക്സിം. പോളിസി കാരണവും ഡബ്ളിയു. ടി. ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകൾ കാരണവും കേരളത്തിലെ നാളികേരം, റബർ, അടയ്ക്ക കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം, തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ ഭീമമായ വിലയിടിവുണ്ടായിട്ടുണ്ട്.

ഈ വിഷയം ഈ ഗവൺമെന്റ് ഗൗരവമായി എടുക്കുകയും സെപ്തംബർ 2000–ൽ കേന്ദ്ര വാണിജ്യവകുപ്പ് മന്ത്രിയ്ക്ക് കൃഷിവകുപ്പുമന്ത്രി നേരിട്ട് മെമ്മോറാണ്ഡം നൽകുകയുണ്ടായി. ഡബ്ളിയു. ടി. ഒ. യുടെ ദോഹാമീറ്റിംഗിൽ എടുക്കേണ്ട നിലപാടിനെ ക്കുറിച്ച്, ഈ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ട മെമ്മോറാണ്ടം വിദഗ്ധ ശസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥനുമായി കൂടിയാലോചിച്ച ശേഷം കേന്ദ്രാഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. പിന്നീട് പദ്ധതി ചർച്ചാസമയത്ത് കൃഷി മന്ത്രി കേന്ദ്രമന്ത്രിയുമായി കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും പ്രശ്നത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിന്റെ ഇറക്കുമതിനയത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രാസർക്കാരിന്റെ ഇറക്കുമതിനയം മൂലം സംസ്ഥാനത്തെ കർഷികമേഖലയ്ക്കുണ്ടായ തകർച്ചയ്ക്ക് പരിഹാരം കാണാൻ 2001 ഡിസംബറിൽ മുഖ്യമന്ത്രിയും 2002 മേയ് മാസത്തിൽ കൃഷി വകുപ്പുമന്ത്രിയു കേന്ദ്ര കൃഷി വകുപ്പ് മന്ത്രിയ്ക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഒൻപത് ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്.

1. റബറിന്റെ കയറ്റുമതി സബ്സിഡി കിലോഗ്രാമിന് 3.50 രൂപയിൽ നിന്ന് അഞ്ച് രൂപയായി ഉയർത്തുക.
2. ലോകവ്യാപാര സംഘടനയുടെ എഗ്രിമെന്റിൽ സ്വാഭാവിക റബറിന്റെയും കയറിനെയും കാർഷിക വിഭവമായി ഉൾപ്പെടുത്താൻ പ്രേരണ ചെലുത്തുകയും അതിനിടെ അഡ്വാൻസ് ലൈസൻസിൽമേലോ ഓപ്പൺ ജനറൽ ലൈസൻസിൻമേലോ സ്വാഭാവിക റബറിന്റെ ഇറക്കുമതിക്ക് അനുവാദം നൽകാതിരിക്കുക.
3. അടയ്ക്ക കാപ്പി, ഇഞ്ചി എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയം കേന്ദ്ര നോഡൽ ഏജൻസികൾ വഴി അവ സംഭരണം നടത്തുകയും ചെയ്യുക.
4. റബർ മാർക്കറ്റിംഗ് ഫെഡറേഷൻ വഴി റബർ സംഭരിക്കാൻ കേന്ദ്ര സഹായം അനുവദിക്കുക.
5. കാപ്പിയുടെ ചുങ്കം 116 ശതമാനമായും തേയിലയുടേത് 150 ശതമാനം ആയും ഉയർത്തുക.
6. സംസ്കരിച്ച് ഉൽപ്പന്നങ്ങളുടെ ഇറക്കുമതി മോണിട്ടർ ചെയ്യുകയും അവയുടെ താരീഫ് ഏറ്റവും ഉയർന്ന ഡബ്ളിയു. ടി. ഒ. ബൗണ്ട് റേറ്റിലേക്ക് ഉയർത്തുകയും ചെയ്യുക.
7. ഏലം, തേയില, അടയ്ക്ക, നാളികേരം, കുരുമുളക്, ഇവയുടെ അനധികൃത ഇറക്കുമതി തടയാൻ കർശന നടപടി സ്വീകരിക്കുക.
8. വെളിച്ചെണ്ണയെ വിലതകർച്ചയൽ നിന്ന് രക്ഷിക്കാൻ എല്ലാ ഭക്ഷ്യ എണ്ണകളുടെയും അടിസ്ഥാന കസ്റ്റംസ് തീരുവ ഡബ്ളിയു. ടി. ഒ. ബൗണ്ട് റേറ്റായ 300 ശതമാനം ആയി ഉയർത്തുക. വെളിച്ചെണ്ണയുടെ ഏറ്റവും വലിയ എതിരാളിയായ പാമൊയിലിന്റെ ഇറക്കുമതി തീരുവ 150 ശതമാനം എങ്കിലും ആക്കി ഉയർക്കുക.
9. ഗാട്ട് കരാർ പ്രകാരം സോയാബീൻ എണ്ണയുടെ നിലവിലുള്ള ഡബ്ളിയു. ടി. ഒ. ബൗണ്ട് റേറ്റായ 45 ശതമാനത്തിൽ നിന്നും 100 ശതമാനമായി ഉയർത്താൻ സമ്മർദ്ദം ചെലുത്തുക.

സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദങ്ങളുടെ ഫലമായി കേന്ദ്രസർക്കാർ റബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന 20,000 ടൺ റബർ കയറ്റുമതി ചെയ്യുന്നതിനായി 17.40 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഏഴു കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവും ബാക്കി കേന്ദ്ര സഹായവുമാണ്

റബർ ബോർഡിന്റെയും റബർ ഉൽപാദകരുടെയും സംയുക്ത ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾക്കും റബർ വ്യാപാരവും സംസ്കരണവും നടത്തുന്ന കംപനികൾക്കും കൈകാര്യ ചെലവിനായി 1.5 കോടി രൂപ അനുവദിക്കുന്ന ഒരു പദ്ധതി നടപ്പാക്കാനും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. റോഡ് റബ്ബറൈസേഷൻ, റബറിന്റെ വൈവിധ്യവൽകൃത ഉപയോഗം എന്നവ പ്രോത്സാഹിപ്പിക്കുക അഡ്വാൻസ് ലൈസൻസിൽമേലുളള സ്വാഭാവിക റബറിന്റെ ഇറക്കുമതി തടയുക സ്വാഭാവിക റബർ കയറ്റുമതി ചെയ്യുന്നവർ റബർ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുക. വിശാഖപട്ടണം, കൊൽക്കത്ത തുറമുഖങ്ങൾ വഴി മാത്രം ഇറക്കുമതി നിയന്ത്രണം ബി.ഐ.എസ്.സ്റ്റാൻഡേർഡ് പ്രകാരമുള്ള ഗുണമേന്മയുള്ള റബർ മാത്രം ഇറക്കുമതി ചെയ്യാനനുവദിക്കുക തുടങ്ങിയവയ്ക്കും കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ റബർ, കുരുമുളക്, ഏലം, ഗ്രാപു എന്നിവയുടെ ഇറക്കുമതി ചുങ്കം 35 ശതമാനത്തിൽനിന്നും 70 ശതമാനം ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കാപ്പിയുടെയം തേയിലയുടെയും ഇറക്കുമതി ചുങ്കം 70 ശതമാനത്തിൽ നിന്നും 100 ശതമാനമായും ഉയർത്തിയിട്ടുണ്ട്.

കൂടാതെ 2001-2002-ൽ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരം കർഷകരുടെ ആശ്വാസത്തിനായി 95 കോടി രൂപയുടെ പദ്ധതികൾക്കും അനുവാദം നൽകിയതിൽ റബർ സംഭരണത്തിന് 40 കോടി രൂപയും കാപ്പി, കുരുമുളക് എന്നിവയ്ക്ക് ഉൽപാദന ബോണസ് നൽകാൻ 6 കോടി രൂപയും 5 കോടി രൂപയും വീതവും വകയിരുത്തിയിട്ടുണ്ട്. ഇഞ്ചിക്ക് പർച്ചേസ് ടാക്സ് ഒഴിവാക്കാൻ 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണിയില്ല. ആലോചിക്കാവുന്നതാണ്.

## കൺസ്യൂമർ ഗ്രീവൻസസ് ആന്റ് റിഡ്രസൽ കമ്മീഷൻ

638. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി രാധാരാഘവൻ:
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഗ്രീവൻസസ് ആന്റ് റിഡ്രസൽ കമ്മീഷനും നിലവിലുള്ള ജില്ലാ ഫോറങ്ങളും രൂപീകരിച്ചതെന്നാണ് ;

(ബി) ഇവയുടെ കാലാവധി എത്ര കാലമാണ്;

(സി) ഉപഭോക്തൃതാൽപ്പര്യ സംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന എത്ര സംഘടനകൾ സംസ്ഥാനത്തുണ്ട്;

(ഡി) ഉപഭോക്തൃപരാതി പരിഹാരഫോറങ്ങൾ ജില്ലാതലത്തിന് താഴെയുള്ള തലങ്ങളിൽ രൂപീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനും ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളും 1990 ഫെബ്രുവരിയിലാണ് രൂപീകരിച്ചത്.

(ബി) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമമനുസരിച്ച് നിലവിൽവന്ന ഇവ ഒരു സ്ഥിരം സംവിധാനമാണ്. എന്നാൽ കമ്മീഷനിലും ഫോറങ്ങളിലും നിയമിക്കപ്പെട്ട പ്രസിഡന്റുമാരുടേയും മെംപർമാരുടേയും കാലാവധി അഞ്ചു വർഷമാണ്.

(സി) ചെറുതും വലുതുമായ 83 സംഘടനകൾ ഇപ്പോൾ നിലവിലുണ്ട്.

(ഡി) ഇല്ല.

## ഇക്കോ ഡവലപ്മന്റ് കമ്മിറ്റി

639. ശ്രീമതി മേഴ്സി രവി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനോടനുബന്ധിച്ച് എവിടെയെല്ലാം ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഈ കമ്മിറ്റികൾക്ക് വനസംരക്ഷണത്തിലുള്ള ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി):-**

(എ) വനം വകുപ്പിൽ തേക്കടി, നെയ്യാർ, പേപ്പാറ, ചിന്നാർ, പറംപിക്കുളം എന്നീ സംരക്ഷിത മേഖലകളിൽ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

(ബി) ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെ വനസംരക്ഷണത്തിനുള്ള ഉത്തരവാദിത്വങ്ങൾ താഴെ ചേർക്കുന്നവയാണ്.

1. പരിസരവാസികളുടെ വനത്തിനോടുള്ള ഹാനികരമായ ആശ്രയത്വം ക്രമാനുഗതമായി കുറച്ചുകൊണ്ടു വരുക.
2. വന്യജീവി സങ്കേതങ്ങളിലുള്ള അനധികൃത കൈയേറ്റം, കന്നുകാലിമേയൽ, വിറകുശേഖരണം, വേട്ടയാടൽ, കഞ്ചാവുകൃഷി, തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളെ തടയുക.
3. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം, പ്രകൃതി വിഭവങ്ങളുടെ ശാശ്വതമായ ഉപയോഗം, ജൈവ വൈവിധ്യത്തിന്റെ സംരക്ഷണവും പരിപോഷണവും എന്നീ കാര്യങ്ങളെക്കുറിച്ച് ഗ്രാമവാസികളെ ബോധവാൻമാരാക്കുക.

(സി) പ്രയോജനങ്ങൾ താഴെ ചേർക്കുന്നവയാണ്.

1. ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ തയ്യാറാക്കുന്ന മൈക്രോപ്ളാനുകളിൽ ഉൾപ്പെടുത്തി പരിസരവാസികൾക്ക് സാംപത്തിക, സമൂഹ്യ ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. അംഗങ്ങളുടെ ഉപജീവനത്തിന് സഹായിക്കുന്നതിനായി വായ്പ ലഭ്യമാക്കുന്നു.
3. സംയോജിതമായി ഇക്കോ ടൂറിസം, കൃഷി, വിറകുശേഖരണം, തീർത്ഥാടക സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ച് അംഗങ്ങൾ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നു.
4. പപൊതു ആവശ്യത്തിനുള്ള കമ്മ്യൂണിറ്റി ഹാൾ, സ്കൂൾ കെട്ടിടം, കുടിവെള്ള പദ്ധതി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.
5. വന്യമൃഗങ്ങൾ മൂലമുള്ള കൃഷി നശീകരണം ലഘൂകരിക്കുവാനുള്ള നടപടികൾ എടുക്കുന്നു.

## കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി

640. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സാജു പോൾ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിൽ ഏതൊക്കെ നിർദ്ദേശങ്ങളാണ് അംഗീകരിച്ച് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശങ്ങൾ എപ്പോൾ മുതലാണ് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ), (ബി), (സി) ഡബ്ളിയു.റ്റി.ഒ. കരാറിന്റെ വെളിച്ചത്തിൽ ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ നടപ്പാക്കുന്നതു വഴി കേരളത്തിലെ കാർഷിക മേഖലയിൽ ഉണ്ടാവുന്നതും, നിലനിൽക്കുന്നതുമായ പ്രശ്നങ്ങൾ

പഠിക്കുന്നതിനും സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി പ്രശസ്ത കാർഷിക ശാസ്ത്രജ്ഞനായ പ്രൊഫ. എം.എസ്. സ്വാമിനാഥൻ ചെയർമാനായി ഒരു ഒൻപതംഗ കമ്മീഷനെ സംസ്ഥാന സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അതിന്റെ പഠനങ്ങൾ നടത്തി വരുന്നു. ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നതേയുള്ളൂ. കൂടാതെ വിളകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും രോഗ നിയന്ത്രണത്തിനും ജൈവ സാങ്കേതിക വിദ്യയുടേയും വിവര സാങ്കേതിക വിദ്യയുടേയും സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനും അതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കാനും ഡോ. വി.എൽ. ചോപ്രയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല കമ്മിറ്റിയും രീപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് മൂന്നു നാലു മാസങ്ങൾക്കുള്ളിൽ പ്രതീക്ഷിക്കുന്നു.

റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞ് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## കാർഷിക കടാശ്വാസ നിയമം

641. ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. വി. ബാലറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ നിയമം പാസ്സാക്കിയതുകൊണ്ട് എത്ര കർഷകരെ ജപ്തി നടപടിയിൽ നിന്ന് ഒഴിവാക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കർഷകരെ പിഴ പലിശ നൽകുന്നതിൽ നിന്ന് ഒഴിവാക്കി;

(സി) കർഷകൻ എടുക്കുന്ന വായ്പകൾക്ക് പിഴ പലിശ നൽകുന്നത് നിർത്തലാക്കാൻ കഴിയുമോ;

(ഡി) കാർഷികരംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന സമാധാനം തുടർന്നു കൊണ്ടുപോകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ)യും (ബി)യും

സഹകരമ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള 42503 കർഷകരെ ജപ്തി നടപടികളിൽ നിന്നും 83784 കർഷകരെ പിഴപലിശ നൽകുന്നതിൽ നിന്നും ഒഴിവാക്കി. മറ്റ് വായ്പകളെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല.

(സി) ഇത് ഇപ്പോഴത്തെ കടാശ്വാസ നിയമത്തിലില്ല.

(ഡി) കാർഷിക മേഖല വികസിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കൃഷി വകുപ്പ് അനേകം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. 2002-2003 സാംപത്തിക വർഷത്തിൽ വിവിധ വിളകളുടെ ഉൽപാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 103.77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 95 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതികൾ പ്രഖ്യാപിച്ചത് മുഴുവനും ഇക്കൊല്ലം നടപ്പാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. മാത്രമല്ല, ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദൂഷ്യ ഫലങ്ങളിൽ നിന്നു കർഷകരെയും സംസ്ഥാനത്തെയും രക്ഷിക്കാൻ ആവശ്യമായ പലവിധ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുമുണ്ട്.

ഉൽപ്പദനക്ഷമ വർദ്ധിപ്പിക്കുന്നതിനും രോഗ നിയന്ത്രണത്തിനും ജൈവ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

## കീടനാശിനികളുടെ ഉപയോഗം

642. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :

ശ്രീ. കെ. പി. രാജേന്ദ്രൻ :

ശ്രീ. എം. കുമാരൻ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷമായി വിളകളെ കടങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും മറ്റ് രോഗ പ്രതിരോധത്തിനുമായി ഏതെല്ലാം കീടനാശിനികളാണ് ഉപയോഗിക്കുവാൻ കൃഷിവകുപ്പ് തീരുമാനിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ ഒരു വർഷമായി കൃഷിവകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിൽ ഏതൊക്കെ കീടനാശിനിയാണ് ഉപയോഗിക്കുന്നത്;

(സി) കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് നിഷ്കർഷിക്കുന്ന നിബന്ധനകൾ എന്തെല്ലാമാണ്;

(ഡി) വിവിധ കൃഷി ഓഫീസുകളിലൂടെ വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ ഒരു വർഷം എത്ര കമ്പനികളുടെ കീടനാശിനികൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കേരള കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസസിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർബമേറ്റ്, ഓർഗാപോഫോസ്ഫറസ് മുതലായ വിഭാഗത്തിൽപെടുന്ന കീട കുമിൾനാശിനികളാണ് ആവശ്യധിഷ്ഠിതമായി പ്രയോഗിക്കുവാൻ കൃഷി വകുപ്പ് ശുപാർശ ചെയ്തിട്ടുള്ളത്. ഇവയിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നവയാണ്.

**കീടനാശിനികൾ**

കാർബാറിൽ, കാർബോഫ്യൂറാൻ, മീതൈൻ, പാരത്തയോൺ, ഡി.ഡി.വി.പി., മെർകാപ്റ്റോത്തയോൺ, ക്വിനാൽഫോസ്, ഫോസലോൺ, ഫെൻതയോൺ, ഡൈമത്തോയേറ്റ്, മോണോ ക്രോട്ടോഫോസ്, ക്ളോർപൈറിഫോസ്

**കുമിൾനാശിനികൾ**

കോപ്പർ ഓക്സിക്ളോറൈഡ്, സിനബ്, മാങ്കോസെബ്, എഡിഫെൻഫോസ്, കാർബണ്ടാസിം, ബൈനോമിൻ, മിറ്റാസൻ, ഹെക്സാകോണസോൾ.

(ബി) കൃഷിവകുപ്പിന്റെ ഫാമുകളിൽ മുകളിൽ പറഞ്ഞവതന്നെയാണ് ഉപയോഗിക്കുന്നത്.

സി) കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിബന്ധനകളാണ് നിഷ്ക്കർഷിക്കുന്നത്.

കീടനാശിനികൾ വിഷവസ്തുക്കളായതിനാൽ മനുഷ്യനും പക്ഷിമൃഗാദികൾക്കും പരിസ്ഥിതിക്കും ദോഷം വാരാത്ത രീതിയിൽ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. ശരിയാ കീടനാശിനി ശാസ്ത്രീയമായി ശുപാർശ ചെയ്തിട്ടുള്ള അളവിൽ എടുത്ത് ശരിയായ അളവിൽ വെള്ളം ചേർത്ത് ലായിനി തയ്യാറാക്കി തളിച്ചാൽ മാത്രമേ കീടനിയന്ത്രണം സാദ്ധ്യമാവുകയുള്ളു. കീടനാശിനി തളിക്കുന്നത് രാവിലെ 10 മണിക്കുമുമ്പോ, വെകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. കാറ്റിന്റെ ഗതിക്ക് എതിരായി കീടനാശിനി തളിക്കുവാൻ പാടില്ല. ഓരോ കീടത്തിനും ശുപാർശ ചെയ്തിട്ടുള്ള ശരിയായ കീടനാശിനി തന്നെ തളിക്കണം. കീടനാശിനി തളിക്കുംപോൾ മുഖംമൂടിയും കൈയുറയും ധരിച്ചിരിക്കണം. കീടനാശിനി തളിച്ച ശേഷം കൈയും മുഖവും സോപ്പുപയോഗിച്ച് വൃത്തിയാക്കണം. ശുപാർശ ചെയ്തിട്ടുള്ള അളവിൽ കൂടാതലായോ കുറവായോ കീടനാശിനി പ്രയോഗിക്കുന്നത് കീടം ക്രമാതീതമായി പെരുകുന്നതിനോ പുതിയ കീടങ്ങൾ പുനർ ജനിക്കുന്നതിനോ കാരണമാകും. കീടനാശിനി തളിച്ചതിനുസേഷം സ്പ്രേയർ നല്ലവണ്ണം കഴുകി സൂക്ഷിക്കണം. കീടനാശിനിയുടെ ഒഴിഞ്ഞ കുപ്പികൾ അലക്ഷ്യമായി കളയുവാൻ പാടില്ല. അവ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല. അവ നശിപ്പിച്ച് കുഴിച്ചമൂടണം. കീടനാശിനികൽ വീട്ടിനുള്ളിലോ, കുട്ടികൾക്ക് കൈ എത്തുന്ന സ്ഥലങ്ങളിലോ വയ്ക്കുവാൻ പാട്ടില്ല.

(ഡി) കഴിഞ്ഞ വർഷം കൃഷി ഓഫീസുകളിലൂടെ കീടനാശിനികൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല.

**<u>രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ</u>**

643. ശ്രീ. പി. എസ്. സുപാൽ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ ലഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയേതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) നിലവിലുള്ള ഗ്രാന്റുകൾ പോലും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാതിരിക്കുന്നതുമൂലം ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ആദ്യ ഭാഗം 8-01-2002-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഗ്രാന്റ് ലഭിക്കാത്ത കാരണത്താൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനം സ്തംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ദേവസ്വം ഭൂമിയിൽ നടക്കുന്ന അനധികൃത കൈമാറ്റം

644. ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

ശ്രീ. ജോസഫ്. എം. പുതുശ്ശേരി :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വംവക ഭൂമിയിൽ അനധികൃത കൈയേറ്റം നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള കൈയേറ്റം നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം കൈയേറ്റങ്ങൾ തടയുന്നതിന് എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി), (സി) ആന്റ് (ഡി) ദേവസ്വം ബോർഡുകളുടേയും ഹിന്ദു മത ധർമ്മസ്ഥാപന(ഭരണ) വകുപ്പിന്റെയും കീഴിലുള്ളതും അല്ലാത്തതുമായ ചെറുതും വലുതുമായ ഏകദേശം ഇരുപതിനായിരത്തോളം ക്ഷേത്രങ്ങൾ സംസ്ഥാനത്ത് ഉണ്ട്. ഇവയിൽ ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നതും ഇപ്പോൾ ഉള്ളതമായ ഏകദേശം മൂവായിരത്തോളം ക്ഷേത്രങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇവ ഓരോന്നിന്റെയും ഭൂമി സംബന്ധിച്ച വിവരങ്ങൽ ശേഖരിക്കുക പ്രായോഗികമല്ല. ദേവസ്വം ഭൂമിക്ക് ലാന്റ് കൺസർവൻസി ആക്റ്റിന്റെ പരിരക്ഷ ഉള്ളതിനാൽ അനധികൃത കൈയേറ്റം മൂലം നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് അതത് ജില്ലയിലെ കളക്ടർമാരുമായി ബന്ധപ്പെട്ടു നടപടി കൈക്കൊള്ളാവുന്നതാണ്.

## വനം-വന്യ ജീവി സംരക്ഷണ പദ്ധതികൾ

645. ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം, വന്യജീവി സംരക്ഷണ മേഖലയുടെ വികസനത്തിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) വനങ്ങളുടെ പരിരക്ഷണത്തിനുതകുന്ന എന്തെല്ലാം പരിപാടികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ വികസന പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) വന്യജീവി സംരക്ഷണ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വന്യജീവി സംരക്ഷണ പരിപാടികൾക്ക് 2001–2002–ലെ ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എന്തു തുക ചെലവഴിച്ചു?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) വന്യജീവി സംരക്ഷമ മേഖലകളുടെ വികസനത്തിനായി 50% കേന്ദ്ര സഹായത്തോടെയുള്ള സംയുക്ത പദ്ധതികളും പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് എലിഫന്റ് –ഉം ബയയോസ്ഫിയർ റിസർവ്വിനു വേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ ലോകബാങ്ക് സഹായത്തോടുകൂടി തേക്കടിയിൽ ഇൻഡ്യാ ഇക്കോഡവലപ്മെന്റ് പദ്ധതിയും, മറ്റു സംരക്ഷിത മേഖലകളിൽ കേരളാ ഫോറസ്ട്രി പ്രോജക്റ്റിന്റെ ഘടകമായുള്ള പ്രത്യേക സ്കീമുകളും നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതിയായ ജൈവവൈവിധ്യ സംരക്ഷണവും വന്യജീവി സങ്കേതങ്ങളിൽ നടപ്പിലാക്കിവരുന്നു.

(സി) ഉത്തരം ബി–യിൽ പരാമർശിച്ച പദ്ധതികൾ എല്ലാ നടപ്പിലാക്കിവരുന്നു. കൂടാതെ വനങ്ങളുടെ പരിരക്ഷണത്തിനായി താഴെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു

1. സ്വാഭാവിക വനങ്ങളുടെ പരിരക്ഷണത്തിനായി അതിർത്തി നിർണയം, അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങൾ, കഞ്ചാവുകൃഷി, നിർമ്മാർജ്ജനം, പരിക്ഷീണ വനങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവ.
2. വൃക്ഷത്തോട്ടങ്ങളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിയ്ക്കുവാനുള്ള നടപടികൾ.
3. തടിയേതര വിഭവങ്ങളുടെ പരിപാലനത്തിനും പരിരക്ഷണത്തിനും ഉള്ള പരിപാടികൾ.
4. ലോകബാങ്ക് സഹായത്തേടെ നടപ്പിലാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തിയുള്ള വന പരിരക്ഷണ പ്രവർത്തനങ്ങൾ.
5. വന പരിരക്ഷത്തിനുതകുന്ന ഗവേഷണങ്ങൾ

(ഡി) സംസ്ഥാനത്ത് താഴെ ചേർക്കുന്ന 14 വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

1. പറംപിക്കുളം
2. നെയ്യാർ
3. വയനാട്
4. ഇരവികുളം
5. പെരിയാർ ടൈഗർ റിസർവ്വ് (തേക്കടി)
6. സൈലന്റ് വാലി
7. ഇടുക്കി
8. പീച്ചി –വാഴാനി
9. പേപ്പാറ
10. ശെന്തുരുണി
11. ചിമ്മിനി
12. ആറളം
13. ചിന്നർ
14. തട്ടേക്കാട്

(ഇ) ഉണ്ട്. 50% കേന്ദ്രാസഹായത്തോടെയുള്ള സംയുക്ത പദ്ധതികളിൽ ഉൾപ്പെടുത്തി 9–ാം പഞ്ചവത്സര പദ്ധതിയിൽ (1997–98 മുതൽ 2001–2002) വരെ 967.51 ലം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പ്രോജകട് എലിഫന്റ് സ്കീമിൽ 1991–92 മുതൽ 2001–2002– വരെയായി 752.08 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന നീലഗിരി ബയോസ്ഫിയർ റിസർവ്വ് സകീമിൽ ഉൾപ്പെടുത്തി സംരക്ഷിത മേഖലകൾക്കും മറ്റുള്ള വനപ്രദേശങ്ങൾക്കുമായി 1986–1987 മുതൽ 2001–2002–വരെ 457.74 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ തേക്കടിയിൽ നടപ്പിലാക്കിവരുന്ന ഇൻഡ്യാ ഇക്കോഡവലപ്മെന്റ് പദ്ധതിയ്ക്കായി കേന്ദ്രാ ഗവൺമെന്റിൽ നിന്നും ഇതുവരെയായി 2498.24 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(എഫ്) 2001–2002–ൽ വന്യജീവി സംരക്ഷണത്തിനായി വകയിരുത്തിയ തുക.

പ്ളാൻ – 2179.58 ലക്ഷം രൂപ

നോൺ പ്ളാൻ – 211.80 ലക്ഷം രൂപ

ആകെ – 2391.38 ലക്ഷം രൂപ

ചെലവഴിച്ച തുക
പ്ലാൻ – 1421.13 ലക്ഷം രൂപ
നോൺ പ്ലാൻ – 130.32 ലക്ഷം രൂപ
ആകെ – 1551.45 ലക്ഷം രൂപ

## സ്പോർട്ട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

646. ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. യു.സി. രാമൻ:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര പുതിയ സ്പോർട്ട്സ് സ്കൂളുകൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്;

(ബി) അവ എവിടെയെല്ലാം;

(സി) നിലവിലുള്ള സ്പോർട്ടസ് സ്കൂളുകളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി):-**

(എ)യും (ബി)യും

ഈ വർഷം സ്പോർട്ട്സ് സ്കൂളുകൾ ആരംഭിച്ചിട്ടില്ല.

(സി) നിലവിലുള്ള സ്പോർട്ട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദഗ്ധ പരിശീലനം നേടിയ വിദ്യാഭ്യാസ വകുപ്പിലെ കായികാദ്ധ്യാപകരെ സ്പോർട്ട്സ് സ്കൂളുകളിൽ കോച്ചുകളായി വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്ട്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ ഡയറ്റ് ചാർജ്ജ് 20/- രൂപയിൽനിന്നും 30/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## വാണിജ്യ വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും

647. ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. പി.ജെ. ജോയി:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. തമ്പാനൂർ രവി:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) വാണിജ്യവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ബി) കർഷകർക്ക് ബന്ധപ്പെട്ട കൃഷിരീതികളിൽ പരിശീലനം നൽകുവാൻ പരിപാടിയുണ്ടോ;

(സി) ഓരോ കർഷകന്റെയും കൈവശഭൂമിയിൽ കൂടുതൽ ലാഭകരമായി ചെയ്യാവുന്ന കൃഷി ഏതാണെന്ന് കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) വാണിജ്യവിളകളുടെ വികസനത്തിനായി നടപ്പു സാംപത്തികവർഷം കേന്ദ്രസർക്കാരിന്റെ മാക്രോമാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാനില, വൃക്ഷസുഗന്ധ വിളകൾ എന്നിവയുടെ വികസനത്തിനായിട്ട് 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സുഗന്ധവിളകളുടെ സംഭരണം, ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം എന്നിവയിൽ കൃഷിക്കാർക്കും ഉദ്യോഗസ്ഥർക്കും സംരംഭകർക്കും പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുഷ്പകൃഷി വികസനത്തിന് 75 ലക്ഷം രൂപയും വികയിരുത്തിയിട്ടുണ്ട്. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം അത്യുൽപ്പാദന ശേഷിയുള്ള രോഗമുക്തമായ വിത്തുകളും നടീൽവസ്ത്തുക്കളും

ജൈവസാങ്കേതിക വിദ്യയുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കാർഷിക സർവ്വകലാശാലയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും ശുപാർശ ചെയ്ത അത്യുൽപാദനശേഷിയുള്ള കയറ്റിറക്കുമതിക്കനുയോജ്യമായ ഇഞ്ചിയും മഞ്ഞളും സംഭരിച്ച് ഡിപ്പാർട്ടമെന്റ് ഫാമുകളിലും കൃഷിക്കാരുടെ കൃഷിയിടങ്ങളിലും പ്രത്യുൽപ്പാദനം നടത്തി ഗുണമേൻമയുള്ള നടീൽ വസ്ത്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി തോട്ടങ്ങളുടെ പുനരുദ്ധാരണം നടത്തുക, കൃഷിക്കുപയുക്തമായ പ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിക്കുക, നിലവിലുള്ള കശുമാവ് തോട്ടങ്ങളിൽ സസ്യസംരക്ഷണം നടത്തുക, കശുമാവ് നഴ്സറികൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ 400 ലക്ഷം രൂപയും 2000–2003 സാംപത്തികവർഷത്തിൽ കേന്ദ്രഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കാപ്പി, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിലത്തകർച്ചയുടെ പശ്ചാത്തത്തിൽ ആദ്യത്തെ രണ്ടു വിളകൾക്കും അവയുടെ കൃഷി പ്രോൽസാഹിപ്പിക്കാൻ ഉൽപ്പാദന ബോണസ് നൽകുന്നതിന് യഥാക്രമം 6 കോടി രൂപയും 5 കോടി രൂപയും സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജിൽ നിക്കിവച്ചിട്ടുണ്ട്. ഇഞ്ചിക്ക് വാങ്ങൽ നികുതിയിളവിന് 3 കോടി രൂപയും സംസ്ഥാന സർക്കാർ സ്പെഷ്യൽ പാക്കേജിൽ പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ കൃഷിവകുപ്പിന്റെ കീഴിലുള്ള ആർ.എ.റ്റി.റ്റി.സി കൾ, എഫ്.റ്റി.സി.കൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിവിധ വിളകളുടെ വികസനത്തിനായുള്ള നൂതനസാങ്കേതിക വിദ്യകളുടെ പരസീലനത്തിനായി 75 ലക്ഷം രൂപയും ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ് എന്ന പദ്ധതിയിൻ കീഴിൽ പെടുത്തിയിട്ടുണ്ട്.

(ബി). ഉണ്ട്.

(സി) ഉണ്ട്. പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകൾ വഴി കർഷകർക്ക് വേണ്ട മാർഗ്ഗ നിദ്ദേശം നൽകി വരുന്നു. ഇപ്പോൾ വിവരസാങ്കേതികവിദ്യയുടെ സൗകര്യം പ്രയോജനപ്പെടുത്തി കർഷകർക്ക് കൃഷി സംബന്ധമായ അറിവുകളും വിവരങ്ങളും അപ്പപ്പോൾ എത്തിക്കാനുള്ള സംവിധാനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്.

## <u>കുരുമുളകിന്റെ ഇറക്കുമതി</u>

648. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. കെ.കെ. ജയചന്ദ്രൻ:

ശ്രീ. പി.സി. ജോർജ്:

ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതിമൂലം കുരുമുളക് കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കണ്ടെത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ബി) വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കുരുമുളക് റീ എക്സ്പോർട്ട് ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി)ഇതുമൂലം വൻകിട കയറ്റുമതിക്കാർക്ക് അമിതലാഭം കിട്ടുകയും ചെറുകിട ഇടത്തരം കുരുമുളക് കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കുരുമുളക് വിറ്റഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയും ചെയ്യുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തന്റെ കാർഷിക സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന കുരുമുളകിന്റെ ഇറക്കുമതി നിർത്തിവയ്ക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ;

(ഇ) കുരുമുളകിന്റെ വിലത്തകർച്ചയ്ക്ക് പരിഹാരം കാണാൻ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കുരുമുളകിന്റെ വൻതോതിലുള്ള ഇറക്കുമതി കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അതിന്റെ ഇറക്കുമതിച്ചുങ്കം ഉയർത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും അതേ തുടർന്ന് ഇറക്കുമതിച്ചുങ്കം 35%-ൽ നിന്നും 70% ആക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞു കൊണ്ടിരിക്കുന്ന വില പിടിച്ചു നിർത്താൻ കൃഷിയിടങ്ങളിൽ വച്ചുതന്നെ കുരുമുളക് തരംതിരിക്കാനും സംസ്ക്കരിക്കാനും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കനും ബോധവൽക്കരണം നടത്തി. നിയുത്ക പോർട്ടുകളിൽ കൂടിയില്ലാതുള്ള അനധികൃത ഇറക്കുമതി തടയാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽപറഞ്ഞവ കൂടാതെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചു മത്സരത്തിനു പ്രാപ്തമാക്കത്തവിധം കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ജൈവസാങ്കേതികവിദ്യയുടെ പ്രയോജനം ഉപയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2001–2002–ൽ കുരുമുളക് കൃഷി വികസനത്തിന് 470.28 ലക്ഷം രൂപയുടെ പരിപാടികൾ നടപ്പാക്കി. 2002–2003–ൽ കേന്ദ്ര സഹായപദ്ധതിയിൽ 400 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ലക്ഷ്യമിട്ടിട്ടുണ്ട്. ഇവക്കുപുറമേ 2001–2002–ൽ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജിൽ കുരുമുളക് കൃഷിക്ക് ഉൽപ്പാദന ഇൻസൻറീവ് നൽകാനായി 5 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

(ബി)യും (സി)യും

ഉണ്ട്. ഇത് സംസ്ഥാനത്തെ കുരുമുളക് കർഷകർക്ക് ദോഷം ചെയ്യുന്നതായി ശ്രദ്ധയിൽവന്നിട്ടുണ്ട്.. കുരുമുളക് വിറ്റഴിക്കാൻ കഴിയാതെ കെട്ടിക്കിടക്കുന്നസ്ഥിതി ഇന്നില്ല.

(ഡി) കുരുമുളകിന്റെ ഇറക്കുമതിച്ചുങ്കം ഡബ്ല്യു.റ്റി.ഒ. നിബന്ധിത നിരക്കിൽ ഉയത്താനും അനധികൃത ഇറക്കുമതി തടയാനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മുകളിൽ എ പിരിവുള്ള മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

## സംയോജിത രോഗ കീട നിന്ത്രണ പരിപാടി

649. ശ്രീ. കെ. നരായണക്കുറുപ്പ്:

ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്ററിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംയോജിത രോഗ നിയന്ത്രണ പരിപാടിയിൽ ഉൾപെടുത്തി കൃഷിവകുപ്പ് നെൽകർഷകർക്കുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പുതിയ പദ്ധതിയിൽ നെൽകൃഷിയെ ബാധിക്കുന്ന കുമിൾ രോഗത്തെ ഫലപ്രദമായി ചെറുക്കുന്നതിന് എന്ത് പ്രതിവിധിയാണുള്ളതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി)

(1) ജില്ലാതല കീടനിരീക്ഷ ടീം ശക്തിപ്പെടുത്തൽ (14 എണ്ണം – 70,000 രൂപ)

(2) സംയോജിത കീടനിയന്ത്രണ പ്രദർശന ഫ്ളോട്ടുകൾ തയ്യാറാക്കൽ (200 ഹെക്ടർ – ലക്ഷം രൂപ)

പുതിയ പദ്ധതി ആയിട്ടില്ല. പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിള കെണികൾ സ്ഥാപിക്കൽ ( 40 എണ്ണം – 4 ലക്ഷം രൂപ)

(സി) നെൽകൃഷിയെ ബാധിക്കുന്ന കുമിൾ രോഗാണുക്കളെ നശിപ്പിക്കുന്ന ന്യൂഡോമോണാസ് ഫ്ളൂറൻസ് എന്ന എതിർകുമിളുകളടങ്ങുന്ന ജൈവ കുമിൾനാളിനി 75 ശതമാനം സൗജന്യ നിരക്കിൽ നെൽകർഷകർക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കഴിഞ്ഞ സാംപത്തികവർഷവും ടി പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

## കൃഷിരീതികൾ മെച്ചപ്പെടുത്താൻ നടപടി

650 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. എൻ.ഡി. അപ്പച്ചൻ:

ശ്രീ. ബി. വിജയകുമാർ:

ശ്രീ. എം.കെ. പോൾസൺ മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) മെച്ചപ്പെട്ട സാങ്കേതിക വിജ്ഞാനത്തിലൂടെ കുറഞ്ഞ ചെലവിൽ ഗുണമേൻമയുള്ളതും വർദ്ധിച്ച ഉൽപ്പാദനക്ഷമതയുള്ളതുമായ കൃഷിരീതികൾ കണ്ടുപിടിക്കുന്നതിന് കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ലക്ഷ്യത്തോടുകൂടി കാർഷിക സർവ്വകലാശാലയോ കൃഷി വകുപ്പോ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കാർഷിക സർവകലാശാല വർധിച്ച ഉൽപ്പാദനക്ഷമതയുള്ള കൃഷിരീതികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രാദേശിക അടിസ്ഥാനത്തൽ അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ കൃഷിരീതികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവ പാക്കേജ് ഓഫ് പ്രാക്ടീസ് എന്ന പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തുകയും ആയത് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

കരപ്രദേശങ്ങളിൽ വിള വർധനവിനുവേണ്ടി ഒരു വിള കൃഷി ചെയ്യുന്ന സ്ഥലത്ത് ഒന്നിൽ കൂടുതൽ വിളകൾ കൃഷി ചെയ്യുന്നതിലേക്കായി മൾട്ടിപ്പിൾ ക്രോപ്പിംഗ് കൃഷി രീതികൾ ശുപാർശ ചെയ്യുന്നുണ്ട്.

ടിഷ്യൂകൾച്ചർ വഴി ഉൽപ്പാദിപ്പിച്ച നടീൽ വസ്ത്തുക്കൾ ഉപയോഗിച്ചകൊണ്ടുള്ള കൃഷി, ഗ്രൂപ്പ് ഫാമിംഗ്, മാനേജ്മെന്റ് പരിപാടി, ഉൽപ്പാദന വർദ്ധനവിനുള്ള വിത്തിനങ്ങൾ, സംയോജിത വളപ്രയോഗ സംവിധാനം, സംയോജിത കീടരോഗ പരിപാലനം, സാന്ദ്രതകൂടിയ കൃഷിരീതി തുടങ്ങിയവ മുഖേന ഗുണമേന്മയുള്ളതും ഉൽപ്പാദനക്ഷമത കൂടിയതുമായ കൃഷിരീതികൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

കേരളകാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള വിളവു വർദ്ധനയ്ക്കുതകുന്ന മൾട്ടിപ്പിൾ ക്രോപ്പിംഗ് കൃഷി രീതികൾ കൃഷിവകുപ്പിന് നടപ്പിലാക്കുന്നതിലേക്കായി ശുപാർശ ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞ കൃഷിരീതികൾ നടപ്പിലാക്കുന്നതിനായി കൃഷിവകുപ്പ് താഴെപറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

1. സംയോജിത വളപ്രയോഗ സംവിധാനം
2. സംയോജിത കീടരോഗപരിപാലന സംവിധാനം
3. നെല്ലടിസ്ഥാനമക്കിയുള്ള കൃഷി സംവിധാനം
4. കാർഷിക മേഖലയിലെ നൂതന സാങ്കേതിക സംരംഭങ്ങൾ
5. ബയോടെക്നോളജി വികസനം.

**വ്യാപാരികൾ ഉപഭോക്താക്കൾക്ക് ബില്ലു നൽകുന്നത് നിർബന്ധമാക്കാൻ നടപടി**

651. ശ്രീ. പി.കെ.കെ. ബാവ:

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ചില്ലറ വ്യാപാരികൾ ബില്ലു നൽകാതെ നടത്തുന്ന വിൽപ്പനയിലൂടെയും മറ്റും വിൽപ്പന നികുതിയിനത്തിൽ ഉപഭോക്തമാക്കളിൽ നിന്ന് തുക പിരിച്ചെടുക്കുകയും ഇത് സർക്കാരിലേക്ക് അടയ്ക്കാതിരിക്കുകയും ചെയ്യുന്നതുമൂലം സർക്കാരിന് നഷ്ടം ഉണ്ടാകുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതിവർഷം എന്ത് തുക ഇപ്രകാരം നഷ്ടമാകുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും വ്യപാരികൾ ഉപഭോക്താക്കൾ വാങ്ങുന്ന സാധനങ്ങൾക്ക് ബില്ലു നൽകുന്നത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ചില്ലറ വ്യാപാരികൾ കേരളത്തിനുള്ളിൽനിന്നും സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തിയാൽ അത്തരം വ്യാപാരികൾക്ക് അവരുടെ രണ്ടാം വിൽപ്പനയിൽ നികുതി നൽകേണ്ടതില്ല. കേരളത്തിനു പുറത്തു നിന്നാണ് സാധനങ്ങൾകൊണ്ടു വന്നു വിൽക്കുന്നതെങ്കിൽ കേരളത്തിലേക്ക് കൊണ്ടുവരുംപോൾത്തന്നെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വിശദമായ പരിശോധനക്ക് വിധേയമാക്കുകയും രേഖകളിൽ കൃത്രിമം കണ്ടാൻ വിൽപന നികുതിപ്രകാരം മതിയായ സെക്യൂറിററി ഈടാക്കുന്നതുമാണ്. കൂടാതെ ഇന്റലിജൻസ് വിഭാഗം കട പരിശോധനയിലൂടെയും ചരക്ക് വാഹനപരിശോധനയിലൂടെയും ബില്ലില്ലാതെ കൊണ്ടുപോകുന്ന സാധനങ്ങൾക്ക് നിയമപ്രകാരമുള്ള സെക്യൂരിറ്റി ഈടാക്കിവരുന്നു. വ്യാപാരികൾ ബില്ല് നൽകാതെ കച്ചവടം നടത്തുന്നതുവഴി എന്ത് നഷ്ടമുണ്ടാക്കുന്നുവെന്നതിനു കൃത്യമായ കണക്കുകളില്ല.

(ബി) വിൽപ്പനയുടെ എല്ലാ ഘട്ടങ്ങളിലും വ്യാപാരികൾ ഉപഭോക്താക്കൾക്ക് ബില്ലു നൽകേണ്ടതാണെന്ന് വിൽപ്പന നികുതി നിയമത്തിൽ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. 10

രൂപയിൽകൂടുതൽ വിലവരുന്ന എല്ലാ വിൽപ്പനയ്ക്കും ബില്ലു നൽകേണ്ടതാണെന്ന് വിൽപ്പനനികുതി നിയമത്തിലെ റൂൾ 10 അനുശാസിക്കുന്നുണ്ട്.

## ലോക്കൽഫണ്ട് ആഡിറ്റ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ

652. ശ്രീ. മത്തായി ചാക്കോ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:
ശ്രീ. ടി.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ലോക്കൽഫണ്ട് ആഡിറ്റ് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ വിളിച്ചു ചേർത്ത് ഉന്നതലയോഗം ഏതാനും നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഇപ്പോൾ ചെയ്തുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് പത്ത് ശതമാനവും, സപ്ളിമെന്ററിയായി പത്ത് ശതമാനവും അക്കൗണ്ടന്റ് ജനറൽ ഏറ്റെടുക്കാനും നിയമസഭയ്ക്ക് നൽകുന്ന കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ അഭിപ്രായക്കുറിപ്പ് ചേർക്കാൻ അക്കൗണ്ടന്റ് ജനറലിനെ അനുവദിക്കാനുമുള്ള പ്രസ്തുത യോഗ നിർദ്ദേശത്തെക്കുറിച്ച് അഭിപ്രായമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് പൂർണ്ണമായും സംസ്ഥാന വിഷയമാണെന്നിരിക്കെ ഇത്തരമൊരു നിർദ്ദേശം പൂർണ്ണമായും തള്ളിക്കളയുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-

(എ) ഉണ്ട്.

(ബി) ഈ നിർദ്ദേശം സർക്കാരിന്റെ വിശദമായ പരിശോധനയിലാണ്.

(സി) ഇത് സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ നിർദ്ദേശങ്ങളും XI-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളും സർക്കാർ പരിശോധിച്ചശേഷം മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളു.

## കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളുടെ കുറവ്

653. ശ്രീ. സി.കെ. നാണു:
ഡോക്ടർ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ.സി. ഷൺമുഖദാസ്:
ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ആവശ്യമായ വിത്തുകളെ സംബന്ധിച്ച വിവരം ശേഖരിക്കുവാനും കൃഷി ഭവനിലൂടെ വിതരണം ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) യും (ബി)യും

പ്രധാനമായും കശുമാവ് ഗ്രാഫ്റ്റ്, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, വാഴ എന്നിവയുടെയും, ഓർക്കിഡ്, ആന്തൂറിയം എന്നീ അലങ്കരച്ചെടികളുടേയും നടീൽ വസ്ത്തുക്കളുടെ കുറവ് ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ട്.

(ബി) കശുമാവ് ഗ്രാഫ്റ്റ് വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ എന്നിവയുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഫാമുകളിൽ ഇവ വൻതോതിൽ ഉൽപാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന മോഡൽ ബയോടെക്നോളജി ആന്റ് ഫ്ളോറിക്കൾച്ചർ സെന്റർ വഴി അത്യുൽപ്പാദനശേഷിയുള്ള വാഴയും വാണിജ്യ പ്രാധാന്യമുള്ള ആന്തൂറിയം ഓർക്കിഡ് എന്നീ അലങ്കാര ചെടികളുടേയും നടീൽ വസ്തുക്കൾ ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യ

ഉപയോഗിച്ച് വൻതോതിൽ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ സെന്റർ വഴി 10 ലക്ഷം തൈകൾ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കൃഷി ഭവനുകൾ മുഖേന ആവശ്യമായ നടീൽ വസ്ത്തുക്കളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നുണ്ട്. കൂടാതെ പ്രധാന നടീൽ വസ്ത്തുക്കളായ തെങ്ങ്, നെൽവിത്ത്, വേരുപിടിപ്പിച്ച കുരുമുളക് തൈകൾ, ഫലവർഗ്ഗ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവയുടെ വിതരണവും കൃഷി ഭവനിലൂടെ നടത്തുന്നുണ്ട്.

## കൊപ്രായുടെ താങ്ങുവില

654. ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊപ്രയുടെ താങ്ങുവില കൂട്ടേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം തീരുമാനമെടുത്താനുള്ള സാഹചര്യങ്ങൾ സംസ്ഥാന സർക്കാരിന് അറിയുമോ;

(സി) കാർഷിക വില നിർണ്ണയകമ്മീഷന്റെ പഠനത്തിന് കേരകർഷകർക്കനുകൂലമായി സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം കേരകർഷകരെ കൂടുതൽ ദുരിതതത്തിലാഴ്ത്തുമെന്നതിനാൽ അവർക്കാവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തുമോ;

(ഇ) മറ്റ് സംസ്ഥാനങ്ങളിലെ കാർഷിക ഉൽപന്നങ്ങൾക്ക് ഓരോ വർഷവും താങ്ങുവില പ്രഖ്യാപിക്കുന്ന കേന്ദ്ര സർക്കാരിന്റെ കൊപ്രായുടെ താങ്ങുവില കൂട്ടേണ്ടതില്ലെന്ന തീരുമാനത്തെ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) വിലത്തകർച്ചമൂലം നാളികേര കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കൊപ്രായുടെ താങ്ങുവില വർദ്ധിപ്പിച്ചു കിട്ടുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ജി) കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; ഉൽപാദനച്ചെലവിന് അനുസൃതമായി താങ്ങുവില നിശ്ചയിക്കണമെന്ന മാനദണ്ഡം കേന്ദ്ര സർക്കാർ പാലിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ ഇത് പാലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറിയില്ല. ഇപ്പോൾ പ്രൊക്യൂർമെന്റ് ജൂലൈ 31 വരെയാണ്.

(സി) 2002 സീസണിലെ കൊപ്രയുടെ താങ്ങുവില സംബന്ധിച്ച നിർദ്ദേശങ്ങളിൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4600 രൂപയും ഉണ്ടക്കൊപ്രയ്ക്ക് 4800 രൂപയും താങ്ങുവില പ്രഖ്യാപിക്കണമെന്നും പ്രഖ്യാപനം 2002 സീസൺ ആരംഭക്കുന്നതിനു മുൻപ് തന്നെ ഉണ്ടാകണമെന്നും അഗ്രിക്കൾച്ചർ കോസ്റ്റ് ആന്റ് പ്രൈസസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നാളികേരത്തിന്റെ വിലനിലവാരം അലലോകനം ചെയ്തശേഷം യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) കേരളത്തിൽ നാളീകേരത്തിന്റെ ഉൽപ്പാദനക്ഷമതയും ഉപ്പാദനച്ചലവും മറ്റ് സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്ഥമാണ്. ഇതുകൂടി കണക്കിലെടുത്ത് കുറച്ചുകൂടി മെച്ചപ്പെട്ട താങ്ങുവില നിശ്ചയിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്.

(എഫ്) സമ്മർദ്ദം ചെലുത്തുന്നതാണ്.

(ജി) കേന്ദ്രകാർഷിക വിലനിർണ്ണയകമ്മീഷൻ താങ്ങുവിലയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പഠിച്ച് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. കേരളത്തിലെ വദ്ധിച്ച ഉൽപ്പാദനച്ചെലവ് കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരമുള്ള താങ്ങുവില ഉൾക്കൊള്ളുന്നില്ലായെന്ന് സംസ്ഥാനസർക്കാർ കരുതുന്നത്. ഇത് കണക്കലെടുത്ത് 2002-2003ൽ ഉയർന്ന താങ്ങുവില നിശ്ചയിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം തുടരുന്നതാണ്.

## കാർഷിക ടൂറിസം വികസനം

655. ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ടൂറിസം എന്ന ആശയത്തെക്കുറിച്ചുള്ള നയം വ്യക്തമാക്കുമോ ;

(ബി) കാർഷിക ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ലാഭകരമല്ലാത്ത വൻകിട സർക്കാർ തോട്ടങ്ങളിൽ കാർഷിക ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി ആരംഭിക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ &ബി): കൃഷിവകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടേയും ഫാമുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെയും വിളകളെയും കൃഷിരീതികളെയും കുറിച്ച് വിദേശികൾക്കും മറ്റ് ടൂറിസ്റ്റുകൾക്കും പഠനം നടത്തുന്നതിന് സൗകര്യം നൽകി ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്ക്കരിക്കുന്നതിനായി ചർച്ചകൾ നടത്തിവരികയാണ്.

## വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ വിൽപ്പനനികുതി

656. ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണയ്ക്ക് ഏർപ്പെടുത്തിയ വിൽപ്പനനികുതി നമ്മുടെ അയൽസംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയ വിൽപ്പന നികുതിയേക്കാൾ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം കേരളത്തിൽനിന്ന് വ്യവസായ ആവശ്യത്തിന് വേണ്ടി വെളിച്ചെണ്ണ മറ്റു സംസ്ഥാനങ്ങളിലേക്ക് വാങ്ങിക്കൊണ്ടുപോകുന്നത് കുറഞ്ഞിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വെളിച്ചെണ്ണയുടെ വിൽപ്പന നികുതി അയൽ സംസ്ഥാനങ്ങളിലെ നികുതിയോട് തുല്യമാക്കാനോ, കുറയ്ക്കാനോ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും കർണ്ണാടകത്തിലും 4% നികുതിയാണ് നിലവിലുള്ളത്. വെളിച്ചെണ്ണയുടെ പ്രാദേശികനികുതിയും 4% ആണ്. സോപ്പുനിർമ്മാണകംപനികൾക്ക് വിൽക്കുന്ന വെളിച്ചെണ്ണയുടെ നികുതി 1% ആയി കുറവു ചെയ്തിട്ടുണ്ട്. വിൽപ്പന നികുതിപ്രകാരം വെളിച്ചെണ്ണയുടെ സംസ്ഥാനന്തര വിൽപ്പനനികുതി 2% ആണ്. എന്നാൽ കേരളത്തിനുള്ളിൽ നികുതിയ്ക്ക് വിധേയമായ വെളിച്ചെണ്ണയുടെ സംസ്ഥാനാന്തര വിൽപ്പനയ്ക്ക് നികുതി നൽകേണ്ടതില്ല.

(ബി&സി): (എ) യുടെ മറുപടിയുടെ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

## പരമ്പരാഗത കയർവ്യവസായ മേഖലയിലെ യന്ത്രവൽക്കരണം

657. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. യു.സി. രാമൻ:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കയർമേഖലയിലെ സാമൂഹ്യമായ പരിതസ്ഥിതികൾക്ക് പരിഗണന നൽകിക്കൊണ്ട് കയർമേഖലയിൽ അനുയോജ്യമായ നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതി 2002-2003-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആഗോളാവശ്യങ്ങൾക്കനുസൃതമായി ഗുണമേന്മയും വൈവിധ്യവും മറ്റു ചകിരികളുടെ വിലമാത്സര്യവും ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചു നേരിടാനാകുംവിധം കേരളത്തിലെ കയർവ്യവസായത്തിന്റെ ഉൽപ്പാദനച്ചെലവ് കുറച്ച് ആധുനികവൽക്കരിക്കേണ്ടത് ആവശ്യമാണ്. കൂടുതൽ തൊഴിലാളികളെ പിരിച്ചുവിടാതെതന്നെ അധികം സാമൂഹ്യപ്രശ്നങ്ങളുണ്ടാക്കാതെ അനുയോജ്യമായ യന്ത്രവൽക്കരണം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കമ്പ്യൂട്ടർവൽകൃത ഡിസൈനുകൾ കണ്ടെത്തി ഉയർന്ന ഉൽപ്പാദനശേഷിയും കമ്പോളാവശ്യനുസൃതമായി ഡിസൈനുകളുണ്ടാക്കാനും ഇലക്ട്രോണിക് ഹാർഡ്വെയറും സോഫ്റ്റ്വെയറും അത്യുൽപ്പാദനനൂൽറാട്ടുകളും വാങ്ങുന്നതിനാവശ്യമായ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സബ്സിഡി സംഘങ്ങൾക്ക് നൽകാനും ഉദ്ദേശിക്കുന്നു. കയർമേഖലയിലെ തൊഴിലാളികൾക്കും മേൽജീവനക്കാർക്കും ആവശ്യംവേണ്ട പരിശീലനം നൽകാനും നിയന്ത്രിത യന്ത്രവൽക്കരണം പദ്ധതിയുടെ നടത്തിപ്പിലേക്കുമായി 100 ലക്ഷം രൂപ 2002-03 വർഷത്തെ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതം വയബിൾ ആയ പദ്ധതികൾക്കുമാത്രം ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു.

## <u>മൃഗചികിത്സാരംഗത്തെ പരിഷ്ക്കാരങ്ങൾ</u>

658. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗ ചികിത്സാരംഗത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മൃഗ ചികിത്സാരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംയോജിത കന്നുകാലി വികസന പദ്ധതികളുടെ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റുകളുടേയും സഞ്ചരിക്കുന്ന കറവയന്ത്രങ്ങളുടേയും ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ ;

(ജി) ഇവ പ്രയോഗത്തിലില്ലാത്ത ജില്ലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റുകളും സഞ്ചരിക്കുന്ന കറവയന്ത്രങ്ങളും എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) മൃഗചികിത്സാ രംഗത്ത് താഴെപ്പറയുന്ന പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. കന്നുകാലികളുടെ ചികിത്സാ ചെലവ്, ഉൽപ്പാദന നഷ്ടം, മരണം എന്നിവയും ഉടമസ്ഥന്റെ ചികിത്സാചെലവ്, മരണം എന്നീ കാര്യങ്ങൾക്ക് സംരക്ഷണം നൽകുന്ന ഇൻഷൂറൻസ് പദ്ധതി ഈ സാമ്പത്തികവർഷം തന്നെ നടപ്പാക്കും.
2. സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി സംസ്ഥാനത്തെ കാലിരോഗ വിമുക്തമേഖലയാക്കുന്നതിന് ഈ സാമ്പത്തികവർഷം തന്നെ നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
3. വകുപ്പിന്റെ കീഴിലുള്ള ചികിത്സാസ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡ് നിശ്ചയിച്ച് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്.

(സി) മൃഗചികിത്സാ രംഗത്തെ കാര്യക്ഷമത വര്‍ദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്.

1. മൃഗാശുപത്രികളുടെ പ്രവര്‍ത്തനസമയം രാവിലെ 8 മണിമുതല്‍ 12 മണിവരേയും വൈകുന്നേരം 3 മുതല്‍ 5 മണിവരേയും ആക്കി മാറ്റിയതുകൊണ്ട് കര്‍ഷകര്‍ക്ക് കൂടുതല്‍ സമയം സേവനം ലഭിക്കുന്നു.
2. വിജ്ഞാനവ്യാപന യൂണിറ്റുകള്‍ മൃഗാശുപത്രികളോടനുബന്ധിച്ച് ആരംഭിച്ചിട്ടുണ്ട്..
3. അത്യാവശ്യം വേണ്ട മരുന്നുകള്‍ മൃഗാശുപത്രികള്‍വഴി ലഭ്യമാക്കുന്നു.

(ഡി) ഉദ്ദേശിക്കുന്നുണ്ട്.

(ഇ) സംയോജിത കന്നുകാലി വികസന പദ്ധതികളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികള്‍ നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നു.

1. ബീജസങ്കലന ഉപകേന്ദ്രങ്ങളുടെ പ്രവര്‍ത്തനസമയം രാവിലെ 8 മുതല്‍ 12 വരെയും വൈകുന്നേരം 3 മുതല്‍ 5 മണിവരെയും ആയി നിശ്ചയിച്ചിട്ടുണ്ട്. ഇതുമൂലം കര്‍ഷകര്‍ക്ക് കൂടുതല്‍ സേവനം ലഭ്യമാകുന്നതാണ്.
2. ഉപകേന്ദ്രങ്ങളുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥന്മാരെ നിയമിക്കാന്‍ നടപടി സ്വീകരിച്ചുവരുന്നു.
3. ഉന്നത ജനിതക മൂല്യമുള്ള പശുക്കള്‍ക്ക് 'ഹേര്‍ഡ്ബുക്ക്'' സംവിധാനം ഏര്‍പ്പെടുത്താന്‍ നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) വിലയിരുത്തിയിട്ടുണ്ട്.

(ജി) സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റുകള്‍ എല്ലാജില്ലകളിലും നിലവിലുണ്ട്. എന്നാല്‍ സഞ്ചരിക്കുന്ന കറവയന്ത്രങ്ങള്‍ തിരുവനന്തപുരം ജില്ലയില്‍ മാത്രമേ നിലവിലുള്ളു.

(എച്ച്) സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റുകള്‍ ഇപ്പോള്‍തന്നെ എല്ലാ ജില്ലകളിലും പ്രയോഗത്തിലുണ്ട്. എന്നാല്‍ കറവയന്ത്രങ്ങള്‍ മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കാന്‍ തല്‍ക്കാലം ഉദ്ദേശിക്കുന്നില്ല.

## <u>കുരുമുളകിന്റെ വില</u>

659. ശ്രീ. കെ.എന്‍.എ. ഖാദര്‍ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിന്‍കുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഉല്‍പ്പാദിപ്പിക്കുന്ന കുരുമുളകിന്റെ വില ഇടിയുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഗുണനിലവാരം കുറഞ്ഞ കുരുമുളക് വിദേശവിപണികളില്‍ നിന്നും ഇറക്കുമതി ചെയ്ത് കുറഞ്ഞ വിലയ്ക്ക് ആഭ്യന്തര വിപണികളില്‍ വില്‍ക്കുന്നതും അതുപോലെ കുറഞ്ഞവിലയ്ക്ക് ഗുണനിലവാരം കൂടിയ ഇന്‍ഡ്യന്‍ കുരുമുളകു വാങ്ങുന്നതും കേരളത്തിലെ കര്‍ഷകര്‍ക്ക് ദ്രോഹകരമായിത്തീരുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ ഇതു തടയാന്‍ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആര്‍. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഗുണനിലവാരം കുറഞ്ഞ കുരുമുളകിന്റെ ഇറക്കുമതി, കയറ്റിറക്കുമതി നിയന്ത്രണ ചട്ടങ്ങള്‍ക്ക് വിധേയമായി പരമാവധി നിയന്ത്രിക്കണമെന്നും ഗുണനിലവാരമുള്ള കുരുമുളകിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കണമെന്നും സംസ്ഥാനസര്‍ക്കാര്‍ നിരന്തരം കേന്ദ്രസര്‍ക്കാരിനോട് ആവശ്യപ്പെട്ടുവരുന്നുണ്ട്. കൂടാതെ 2001-2002 വര്‍ഷത്തെ സ്പെഷ്യല്‍ പാക്കേജ് പദ്ധതിയില്‍ ഒരു ഹെക്ടര്‍വരെയുള്ള കുരുമുളക് കൃഷിക്ക് ഉല്‍പ്പാദന ബോണസ് നല്‍കാന്‍ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുരുമുളകിന്റെ വിലയിടിയുന്നത് തടയാനായി മാര്‍ക്കറ്റ് ഇന്റര്‍വെന്‍ഷന്‍ സ്കീം എന്ന

പദ്ധതി പരിശോധിച്ചുവരുന്നുണ്ട്. കുരുമുളകിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഇറക്കുമതി ചുങ്കം 35%ത്തിൽ നിന്നും 70% ആയി ഉയർത്തിയിട്ടുണ്ട്.

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ

660. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകളെ അതാതു പഞ്ചായത്തിൽത്തന്നെ കച്ചവടസാദ്ധ്യതയുള്ള സെന്ററുകളിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മാവേലി സ്റ്റോറുകൾ വഴി ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) മവേലി സ്റ്റോറുകളുടെ പുന:സംവിധാനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്. 2002 മെയ് മാസത്തെ വിറ്റുവരവിനെ ആസ്പദമാക്കി നോക്കുംപോൾ 871 മാവേലി സ്റ്റോറുകൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളെ അതാതു പഞ്ചായത്തിൽത്തന്നെ കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിച്ചുവരുന്നുണ്ട്.

(സി) ഗുണമേന്മയുള്ളതും വില ആകർഷണീയവുമാണെങ്കിൽ ചെറുകിടവ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങളും മാവേലി സ്റ്റോറുകൾവഴി വിപണനം ചെയ്യാവുന്നതാണ്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട 100 മാവേലിസ്റ്റോറുകളെയാണ് 'ലാഭം' സപ്ളൈകോ മാർക്കറ്റുകളാക്കി പുന:സംവിധാനം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനകം 20 മാവേലിസ്റ്റോറുകളുടെ പുന:സംവിധാനം ഇത്തരത്തിൽ നടന്നുകഴിഞ്ഞു. ഈ വർഷംതന്നെ ബാക്കി സ്റ്റോറുകളും പുന:സംവിധാനം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ

661. ശ്രീ. എ.സി. ഷൺമുഖദാസ് :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി.കെ. നാണു :
ശ്രീ. കെ.പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് കൃഷിവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ നാടൻ പഴവർഗ്ഗങ്ങൾ സംഭരിക്കുവാനും സംസ്ക്കരിക്കുവാനും മാർക്കറ്റ് ചെയ്യുന്നതിനുമായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് കൃഷിവകുപ്പിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(സി) ഈ പഴവർഗ്ഗങ്ങൾ അസംസ്കൃത പദാർത്ഥങ്ങളായി ചെറുകിടവ്യവസായം തുടങ്ങുന്നതിന് കൃഷിക്കാർക്ക് എന്തെങ്കിലും സാമ്പത്തികസഹായം ഇപ്പോൾ നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള പി.പി.എം. സെല്ലും സ്റ്റേറ്റ് അഗ്രിബിസിനസ് കൺസോർഷ്യനും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ ഉണ്ടാക്കിയിട്ടുള്ള മാർക്കറ്റുകൾ പ്രവർത്തനക്ഷമമാകുമ്പോൾ ഈ ഫലങ്ങളുടേയും സംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയവ പരിശോധിക്കുന്നതാണ്.

(സി) കേന്ദ്ര ഫുഡ് പ്രോസസിംഗ് മിനിസ്ട്രിയുടേയും നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡിന്റെയും സ്റ്റേറ്റ് അഗ്രിബിസിനസ് കൺസോർഷ്യത്തിന്റെയും പദ്ധതികളിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള പദ്ധതി</u>**

662. ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. മുരളി :
ശ്രീ. എ. സുജനപാൽ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുവളപ്പിൽ മുട്ടക്കോഴികളെ വളർത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങളെ കൊണ്ടുവരാനാണുദ്ദേശിക്കുന്നത് ;

(സി) ഈ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ് ;

(ഡി) ഒരു വീട്ടിൽ എത്ര കോഴിക്കുഞ്ഞുങ്ങളെ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഈ കോഴിക്കുഞ്ഞുങ്ങൾക്ക് സബ്സിഡി നൽകാൻ പദ്ധതി ഉണ്ടോ ;

(എഫ്) കോഴികളെ നൽകിയശേഷം എന്തെല്ലാം വിധത്തിലുള്ള തുടർ നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ.ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) മൃഗസംരക്ഷണവകുപ്പുവഴി 2002-2003 വർഷത്തിൽ 1000 കുടുംബങ്ങളെയും കേരളസ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻവഴി 40000 കുടുംബങ്ങളെയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

(സി) വനിതകളാണ് ഗുണഭോക്താക്കൾ. നിർദ്ദനരായ വീട്ടുകാർ, മഹിളാസമാജങ്ങൾ, കുടുംബശ്രീ പദ്ധതി എന്നിവയിൽ പ്രവർത്തിക്കുന്ന വനിതകൾ, വീട്ടമ്മമാർ എന്നിവർ ഉൾക്കൊള്ളുന്ന കുടുംബങ്ങളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. കെ.എസ്.പി.ഡി.സി. സ്വയംസഹായ സംഘങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) 20 (ഇരുപത്)

(ഇ) ഉണ്ട്. ഈ പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യുന്ന 20 കോഴിക്കുഞ്ഞുങ്ങൾക്ക് 50% നിരക്കിൽ സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.

(എഫ്) വ്യക്തമാക്കാം. തെരഞ്ഞെടുക്കുന്ന വനിതാ ഗുണഭോക്താക്കൾക്ക് വനിതാസംഘങ്ങൾ വഴിയാണ് കോഴിക്കുഞ്ഞുങ്ങളെ നൽകുന്നത്. ഈ കോഴികൾ മുട്ടയുൽപ്പാദനം ആരംഭിക്കുമ്പോൾ ഗുണഭോക്താക്കളിൽനിന്നും മുട്ടവാങ്ങി വിപണനം നടത്തുന്ന ചുമതല സംഘങ്ങൾക്കാണ്. ടി യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിക്കുവാനും രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു വനിതാ കോ-ഓർഡിനേറ്റർ 5 മാസത്തേയ്ക്ക് സംഘം വിനിയോഗിക്കുകയും ഇവർക്ക് മാസം 500 രൂപ വീതം 2500 രൂപ പ്രതിഫലം നൽകുന്നതുമാണ്. ഒരു സംഘത്തിന്റെ മേൽനോട്ടത്തിൽ ഒരു എഗ്ഗർ നഴ്സറി സ്ഥാപിക്കുവാൻ വേണ്ട സാമ്പത്തിക സഹായങ്ങൾ ബാങ്ക് വായ്പ വഴി ലഭ്യമാക്കുന്നതാണ്. ടി എഗ്ഗർ നഴ്സറികളിലെ രോഗപ്രതിരോധ ചുമതല അതാതു പഞ്ചായത്തിന്റെ വെറ്ററിനറി സർജനായിരിക്കും. എഗ്ഗർ നഴ്സറികളിൽ വളർത്തുന്ന കുഞ്ഞുങ്ങളുടെ വിൽപ്പനയും സംഘങ്ങൾവഴി നടത്തുന്നതാണ്.

******